# STD - XI

## അദ്ധ്യാപക സഹായി

**പാഠം - നാല്    ജീവന്റെ മഹത്വം    ഭാഗം - ഒന്ന്**

### ലക്ഷ്യം

ദൈവം ദാനമായി എനിക്കുതന്ന ജീവനെ ഞാൻ എങ്ങനെ വിലയുള്ളതാക്കി ജീവിക്കും. ഈശോയെ, അങ്ങയുടെ ജീവൻ ഉൾക്കൊള്ളുന്ന എന്റെ ശരീരത്തെയും ആത്മാവിനെയും ഞാൻ ഒരിക്കലും നശിപ്പിക്കില്ല. (1 കൊറി. 6:13b, 15a, 19:20)

### പഠനസഹായികൾ

* Video -1 - You tube - God's Creation - The Story of Creation
* എന്റെ അമ്മയുടെ ഉദരത്തിൽ 38 മുതൽ 42 ആഴ്ചവരെ ഞാൻ ജീവിച്ചപ്പോൾ ആരെങ്കിലും എന്നെ കൊന്നിരുന്നെങ്കിൽ ഞാൻ എങ്ങനെ ഈ സുന്ദരമായ ലോകം കാണും. എങ്ങനെ വീട്ടുകാരോടും സുഹൃത്തുക്കളോടുമൊപ്പം ജീവിക്കും.
* ലോകത്തെ സൃഷ്ടിച്ചത് ദൈവം മനുഷ്യർക്കുവേണ്ടിയാണ്. അതിനാൽ ലോകത്തെ നമ്മൾ നശിപ്പിക്കരുത്.

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവത്തിന്റെ ഛായയിലായിരിക്കുന്ന സഹോദരങ്ങളെ ഞാൻ എങ്ങനെ സ്നേഹിക്കും? (1 യോഹ. 3:15, 1 യോഹ. 4:20)
* ഉദരത്തിൽ ഉരുവായ കുഞ്ഞിനെ ഇല്ലാതാക്കാൻ ആർക്കും അവകാശം ഇല്ല. അത് കൊലപാതകമാണ്. കാരണം ദൈവത്തിന്റെ ആത്മാവ് ഓരോ മനുഷ്യജീവനിലും ഉണ്ട്. (ഉല്പ. 2:76) (CCC 366)
* ജീവൻ ദൈവത്തിൽനിന്നും വരുന്നു (EV 39) (ജീവന്റെ സുവിശേഷം - ജോൺപോൾ രണ്ടാമൻ പാപ്പാ)

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, ഞങ്ങൾക്ക് ജീവനും ജീവിതവും നൽകി പരിപാലിക്കുന്ന അങ്ങേയ്ക്ക് ഞങ്ങൾ നന്ദിയും സ്തുതിയും അർപ്പിക്കുന്നു. അമൂല്യവും അനശ്വരവും അലംഘനീയവുമായി അങ്ങു ഞങ്ങൾക്കു നൽകിയ ജീവിതത്തെ പരിശുദ്ധിയിൽ കാത്തുസൂക്ഷിക്കുവാൻ കൃപ നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. ജീവന്റെ ദാതാവും ഉടമസ്ഥനും ദൈവമാണെന്ന് പറയുന്നത് എന്തുകൊണ്ട്?
2. മനുഷ്യജീവൻ അമൂല്യമാണെന്ന് പറയാൻ കാരണം?
3. ജീവൻ സംരക്ഷിക്കാൻ നമ്മൾ കടപ്പെട്ടിരിക്കുന്നത് എന്തുകൊണ്ട്?
4. ക്രിസ്തുവിന്റെ മനുഷ്യാവതാര ലക്ഷ്യം എന്ത്?
5. യോഹ. 10:10 ഉദ്ധരിക്കുക.

# STD - XI

## അദ്ധ്യാപക സഹായി

**പാഠം - നാല്           ജീവന്റെ മഹത്വം           ഭാഗം - രണ്ട്**

### ലക്ഷ്യം

മനുഷ്യജീവൻ അമൂല്യമാണ്. ജീവൻ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും നാം കടപ്പെട്ടിരിക്കുന്നു. ദൈവമാണ് ജീവന്റെ ദാതാവും ഉടമസ്ഥനും.

### പഠനസഹായികൾ

* ബൈബിൾ ഉൽപത്തി പുസ്തകം അദ്ധ്യായം 4 (കായേനും, ആബേലും)
* Cain and Abel - Bible Story - You Tube
* CCC 2259
* CCC 2322, 2324, 2325, 2327
* You Cat - 378, 379

### പാഠത്തിന്റെ ഉള്ളടക്കം

* മനുഷ്യൻ ജീവന്റെ സംരക്ഷകൻ
* മനുഷ്യജീവൻ അമൂല്യമാണ്
* ജീവനെതിരായ തിന്മകൾ

### പ്രാർത്ഥന

ജീവന്റെ ദാതാവായ ദൈവമേ, അങ്ങ് എന്റെ ജീവൻ സംരക്ഷിക്കുന്നതുപോലെതന്നെ, എന്റെ ജീവനെയും അപരന്റെ ജീവനെയും സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം എന്നിൽ ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. ഈ ഉത്തരവാദിത്വം ശരിയായ രീതിയിൽ നിർവഹിക്കുവാൻ എന്നെ സഹായിക്കണമെന്ന് അങ്ങയോട് പ്രാർത്ഥിക്കുന്നു.

### ചോദ്യങ്ങൾ

1. മനുഷ്യജീവൻ അമൂല്യമാണെന്നു പറയുന്നത് എന്തുകൊണ്ട്?
2. ജീവന്റെ ദാതാവും ഉടമസ്ഥനുമായ ദൈവം ജീവന്റെ സംരക്ഷകനും കാവൽക്കാരനുമായി നിയമിച്ചിരിക്കുന്നത് ആരെയാണ്?
3. സഹോദരനായ ആബേലിന്റെ ജീവൻ അപഹരിച്ച കായേനോട് ദൈവം എന്താണ് ചോദിച്ചത്?
4. ജീവനെതിരായ തിന്മകൾ ഏതെല്ലാം?
5. മനുഷ്യജീവനെതിരായ തിന്മകൾ ഏവ? അതിനെക്കുറിച്ച് സഭ പഠിപ്പിക്കുന്നത് എന്ത്?

# STD - XI

## അദ്ധ്യാപക സഹായി

## പാഠം - നാല് ജീവന്റെ മഹത്വം ഭാഗം - മൂന്ന്

### ലക്ഷ്യം

ജീവൻ ദൈവത്തിന്റെ ദാനമാണ്. ഓരോ ജീവനും ദൈവത്തിന്റെ മുമ്പിൽ വിലപ്പെട്ടതാണ്.

### പഠനസഹായികൾ

* CCC 2318-2320

### പാഠത്തിന്റെ ഉള്ളടക്കം

* ജീവനെതിരായ പരോക്ഷ തിന്മകൾ
* ജീവഹാനി ദൈവം വെറുക്കുന്നു
* ക്രിസ്തു ജീവനും നിത്യജീവന്റെ ദാതാവും
* ജീവോത്പത്തി: ബൈബിളും ശാസ്ത്രവും

### പ്രാർത്ഥന

സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്ന് തിരുവചനത്തിലൂടെ അരുളിചെയ്ത നല്ല ദൈവമേ, അങ്ങ് തന്ന ജീവൻ അങ്ങയുടെ ദാനമാണെന്ന് മനസ്സിലാക്കുവാനും മറ്റുള്ളവരെ ആദരിച്ചും സ്നേഹിച്ചും ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കേണമേ. ജീവനെതിരായ എല്ലാ തിന്മകളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കണമേയെന്നും അങ്ങയോട് പ്രാർത്ഥിക്കുന്നു.

### ചോദ്യങ്ങൾ

1. ജീവനെതിരായ പരോക്ഷ തിന്മകൾ എന്തെല്ലാം?
2. ചാൾസ് ഡാർവിൻ തന്റെ "On the origin of species by means of natural selection" എന്ന പുസ്തകത്തിലൂടെ അവതരിപ്പിച്ച പരിണാമ സിദ്ധാന്തത്തിന്റെ സാരാംശം എന്ത്? ഡാർവിന്റെ വാദം യുക്തിരഹിതമാണെന്ന സഭയുടെ പ്രബോധനം എന്താണ്?
3. ജീവനെക്കുറിച്ച് ജോൺപോൾ രണ്ടാമൻ പാപ്പ നമ്മെ ഉദ്ബോധിപ്പിക്കുന്നത് എന്ത്?
4. ജീവന്റെ ശ്രേഷ്ഠതയെക്കുറിച്ച് യേശു പഠിപ്പിച്ച പ്രബോധനം എന്തായിരുന്നു?
5. മനുഷ്യജീവൻ ദൈവദാനമാണെന്നും അമൂല്യമാണെന്നും പറയുന്നത് എന്തുകൊണ്ട്?